**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5725** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ കാറ്റഗറി നമ്പർ 418/2019 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പത്തനംതിട്ട, വയനാട്, ഇടുക്കി, കൊല്ലം, കോട്ടയം തുടങ്ങിയ ജില്ലകളിൽ നാമമാത്രമായ നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആരോഗ്യവകുപ്പിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 (നേഴ്സിംഗ് ഓഫീസർ) തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും നിയമനങ്ങൾ സമയബന്ധിതമായി നടത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കോട്ടയം**<br><br>ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ കാറ്റഗറി നമ്പർ 418/2019 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും കോട്ടയം ജില്ലയിൽ 60 പേർക്ക് നിയമന ശുപാർശ ലഭിക്കുകയും, അതിൽ 48 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. 2 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 10 ഒഴിവുകൾ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പടെ ഉണ്ടാകുകയും ആയത് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. നേഴ്സിംഗ് ആഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വെച്ച ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ഒരു ഒഴിവ് മാറ്റി വച്ചിട്ടുണ്ട്. ടി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതുമുതൽ നാളിതുവരെ നേഴ്സിംഗ് ആഫീസർ (സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2) തസ്തികയിൽ ആകെ 28 പേർ ശൂന്യവേതനാവധിയ്ക്ക് ശേഷം തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.<br><br>**പത്തനംതിട്ട**<br><br>പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പിൽ നിലവിലുള്ള നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 29 നിയമനങ്ങൾ (എൻ.ജെ.ഡി. അടക്കം) നടത്തപ്പെട്ടിട്ടുണ്ട്. നിലവിൽ ജില്ലയിൽ ടി തസ്തികയിൽ ആകെ 6 (ആറ്) ഒഴിവുകൾ നിലവിലുണ്ട്. ഇവയിൽ 3 ഒഴിവുകൾ പി.എസ്.സി.ക്ക് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യുകയും, രണ്ടെണ്ണം അന്തർജില്ലാ സ്ഥലംമാറ്റത്തിനും, ഒരെണ്ണം ശൂന്യവേതനാവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്കും മാറ്റി വെച്ചിരിക്കുകയാണ്. ഒഴിവുകൾ യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും, നിയമന ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് നിയമനങ്ങൾ ത്വരിത ഗതിയിൽ നടത്തി വരുന്നുമുണ്ട്.<br><br>**ഇടുക്കി**<br><br>നിലവിൽ റാങ്ക് ലിസ്റ്റിൽ നിന്ന് 19 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.<br><br>**വയനാട്**<br><br>കാറ്റഗറി നം. 418/2019 റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം കുറഞ്ഞ ഒഴിവുകൾ ആണ് വയനാട് ജില്ലയിൽ ഉണ്ടായിട്ടുള്ളത്. വയനാട് ജില്ലയിൽ 120 സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികകളാണ് ഉള്ളത്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിയമനത്തിനായി തയ്യാറാക്കിയ മുൻ റാങ്ക് ലിസ്റ്റിൽ നിന്നും 100 ഓളം നിയമനങ്ങൾ വയനാട് ജില്ലയിൽ നടന്നു. ആയതിനാലാണ് നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങളുടെ എണ്ണത്തിൽ വയനാട് ജില്ലയിൽ കുറവ് വന്നത്.<br><br>**കൊല്ലം**<br><br>കൊല്ലം ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി- യ്ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമനങ്ങൾ അതാത് സമയങ്ങളിൽ തന്നെ നടക്കുന്നുമുണ്ട്. |
| (ബി) | റാങ്ക് ലിസ്റ്റ് നിലനിൽക്കേ പ്രസ്തുത തസ്തികയിൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇപ്രകാരം താൽക്കാലിക നിയമനം നടത്താനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നേഴ്സിംഗ് ആഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടില്ല.<br><br>**കൊല്ലം**<br><br>കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട് ഫ്രീസ് ചെയ്തിരിക്കുന്ന 34 ഒഴിവുകളിൽ മാത്രം ഗവൺമെന്റ് നേഴ്സിംഗ് സ്കൂളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളെ Stipendiary Bonded Candidate ആയി നിയമിക്കാറുണ്ട്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ നാലുമാസം മാത്രം ബാക്കിനിൽക്കേ 10 ശതമാനം പോലും നിയമനം നടന്നിട്ടില്ല എന്നതിനാൽ അടിയന്തരമായി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം | (സി) | നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | |
| (ഡി) | സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാരുടെ കുറവ് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കുന്നതിനായി പോസ്റ്റ് ക്രിയേഷൻ നടത്തുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | സ്റ്റാഫ് നേഴ്സുമാരുടെ കുറവ് പരിഹരിക്കുന്നതിനായി 2016 മുതൽ നാളിതുവരെ ആരോഗ്യ വകുപ്പിന് കീഴിൽ **1236സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികൾ** സൃഷ്ടിച്ചിരുന്നു. അധികമായി സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) | ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ പോസ്റ്റ് ക്രിയേഷൻ നടത്തുന്നത് സംബന്ധിച്ച എം1/116/2024 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ